**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5425** **15-03-2023 - ൽ മറുപടിയ്ക്ക്**

**എം. ജി. സർവകലാശാലയിലെ റിട്ടയർമെൻറ് ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2023 ലെ കലണ്ടർ വർഷത്തിൽ വിവിധ വകുപ്പുകളിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്യണം എന്ന ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ 8.11. 22 ലെ ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവകലാശാലകൾ നടപ്പിലാക്കിയിട്ടുണ്ടോ; ആയത് നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ; | (എ) | പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ സർവ്വകലാശാലകൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എം.ജി.സർവകലാശാലയിൽ നിലവിൽ അസിസ്റ്റൻറ് തസ്തികയിൽ എത്ര റിട്ടയർമെൻറ് ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ; | (ബി) | മഹാത്മാ ഗാന്ധി സർവകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ, നിലവിൽ 13 റിട്ടയർമെൻറ് ഒഴിവുകളുണ്ട്. |
| (സി) | പ്രസ്തുത സർവകലാശാലയിലെ 2022 ഓഗസ്റ്റ് ഒന്ന് മുതലുള്ള അസിസ്റ്റൻറ് തസ്തികയിലെ റിട്ടയർമെൻറ് ഒഴിവുകൾ 2023 ഫെബ്രുവരി ആയിട്ടും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | മഹാത്മാ ഗാന്ധി സർവകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരവും പുനർവിന്യാസവും സംബന്ധിച്ച റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം അസിസ്റ്റൻറ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്താൽ മതിയെന്ന സിണ്ടിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്, 2023-ലെ കലണ്ടർ വർഷത്തിൽ എം.ജി.സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-യിലേക്ക് മുൻകൂറായി റിപ്പോർട്ട് ചെയ്യുവാൻ സാധിക്കാതിരുന്നത്. . |

സെക്ഷൻ ഓഫീസർ